# പിറവം നഗരസഭ

**R2 – 4417/17** **01.11.2022**

## ലേലം/ഓഫർ നോട്ടീസ്

മാന്യരേ,

പിറവം നഗരസഭ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ V/433/O, V/433/BA, V/433/AY, V/433/T, V/433-L, V/433-AT, V/433-AU, V/433-AZ, V/433-BC, V/433-1A, V/FS-5 എന്നീ നമ്പർ കടമുറികൾ ലൈസൻസ് ഫീസ് ഇനത്തിൽ വാടകയ്ക്ക് നൽകുന്നതിന് 11.10.2022-ലെ 5-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം **സബർബൻ മാളിന്റെ അഞ്ചാം നിലയിൽ വച്ച് 14.11.2022-ന് (തിങ്കളാഴ്ച)** പരസ്യമായി ലേലം/ഓഫർ ചെയ്ത് നൽകുന്നതാണ്. ലേലത്തിൽ പങ്കെടുക്കണമെന്നുള്ളവർ അന്നേ ദിവസം രാവിലെ 11 മണിക്ക് മുമ്പായി 10,000/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. നിരതദ്രവ്യം ഒടുക്കാത്തവരും നഗരസഭയിൽ ഏതെങ്കിലും വിധത്തിലുള്ള കുടിശിക ഉള്ളവർക്കും ലേലത്തിൽ/ഓഫറിൽ പങ്കെടുക്കുവാനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല. നിരതദ്രവ്യം അടയ്ക്കുന്നതിനോടൊപ്പം പാൻകാർഡിന്റെ പകർപ്പ് നൽകേണ്ടതാണ്. ഓഫർ വയ്ക്കുന്നവർ അന്നേ ദിവസം രാവിലെ 11 മണിക്ക് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### ലേല വ്യവസ്ഥകൾ:-

1. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം / ക്വട്ടേഷൻ കൊണ്ടവരുടെ പേരിൽ ആയത് താൽക്കാലികമായി ഉറപ്പിക്കുന്നതും തുകയുടെ 60% മുൻകൂറായി അപ്പോൾത്തന്നെ നഗരസഭയിൽ ഒടുക്കി രസീത് വാങ്ങേണ്ടതുമാണ്. മുൻകൂർ തുക അടയ്ക്കാത്ത പക്ഷം, ടിയാന്റെ നിരതദ്രവ്യം നഗരസഭാ ഫണ്ടിൽ മുതൽക്കൂട്ടി അപ്പോൾ തന്നെ പുനർലേലം നടത്തുന്നതുമാണ്. ലേല/ക്വട്ടേഷൻ തുക 50000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും അപ്പോൾ തന്നെ അടയ്ക്കേണ്ടതാണ്.

2. ലേലം/ക്വട്ടേഷൻ നഗരസഭ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന പ്രകാരം 60% കഴിച്ചുള്ള ബാക്കി മുഴുവൻ തുകയും ഒടുക്കി 200/- രൂപയുടെ മുദ്രപ്പത്രത്തിൽ 15 ദിവസത്തിനകം എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. തുക ഗഡുക്കളായി അടയ്ക്കുവാനാഗ്രഹിക്കുന്നവർക്ക് 2 ഗഡുവായി അടയ്ക്കുന്നതിന് അനുമതി നൽകുന്നതും എന്നാൽ ടി തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

3. സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കി തുക ഗഡുക്കളായി അടയ്ക്കുന്നയാൾ തുക 2 തുല്യ ഗഡുക്കളായി 2020 ജൂൺ 30, 2020 സെപ്റ്റംബർ 30 എന്നീ തീയതികൾക്കകമായി അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം 18% പലിശ സഹിതം തുക വസൂൽ ചെയ്യുന്നതാണ്.

4. കടമുറികളുടെ ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം 200 രൂപ മുദ്ര പത്രത്തിൽ ലേലം വിളി കൊണ്ടയാൾ നഗരസഭക്ക് കരാർ ഒപ്പിട്ടു നൽകേണ്ടതാണ്. കരാർ ഒപ്പിട്ടു നൽകുന്നതിനോടൊപ്പം സെക്യൂരിറ്റി തുക പൂർണ്ണമായും നഗരസഭയിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. കരാർ ഒപ്പിട്ടു തരുന്ന മുറക്ക് നിരത ദ്രവ്യം തിരികെ നൽകുന്നതാണ്.

| മുറി നമ്പർ | ഡെപ്പോസിറ്റ് | വാടക | സി.ജി.എസ്.റ്റി. | എസ്.ജി.എസ്.റ്റി. | |
|---|---|---|---|---|---|
| V/433-O | 3,00,000/- | 5,577/- | 502/- | 502/- | ലേലം |
| V/433-BA | 5,00,000/- | 4,961/- | 447/- | 447/- | ലേലം |
| V/433-AY | 5,00,000/- | 5,532/- | 498/- | 498/- | ലേലം |
| V/433-T | 1,50,000/- | 6,053/- | 545/- | 545/- | ലേലം |

| | | | | | |
|---|---|---|---|---|---|
| V/433-L | 2,00,000/- | 2,772/- | 250/- | 250/- | ഓഫർ |
| V/433-AT | 7,00,000/- | 10,936/- | 985/- | 985/- | ഓഫർ |
| V/433-AU | 5,00,000/- | 7,373/- | 664/- | 664/- | ഓഫർ |
| V/433-AZ (SC സംവരണം) | 6 മാസത്തെ വാടക | 7,075/- | 637/- | 637/- | ഓഫർ |
| V/433-BC | 1,00,000/- | 5,122/- | 461/- | 461/- | ഓഫർ |
| V/433-1A | 500,000/- | 17,921/- | 1,613/- | 1,613/- | ഓഫർ |
| V/FS-5 | 15,000/- | 1,425/- | 129/- | 129/- | ഓഫർ |

5. ലേലം സമയം കെട്ടിവയ്ക്കുന്ന നിരതദ്രവ്യം കാലാവധിക്കുശേഷം മാത്രമേ തിരികെ ലഭിക്കുകയുള്ളു.

6. ലേലം / ഓഫർ അവകാശം വിനിയോഗിക്കുന്നതിൽ നിലവിലുള്ള വ്യവസ്ഥകളും നഗരസഭ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന വ്യവസ്ഥകളും പാലിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

7. കരാർ വ്യവസ്ഥകൾ ലംഘിക്കുന്നതായി നഗരസഭയ്ക്ക് ബോദ്ധ്യപ്പെട്ടാൽ, കരാർ റദ്ദാക്കുന്നതും ലേലം/ക്വട്ടേഷൻ അവകാശം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം/ക്വട്ടേഷൻ ചെയ്യുന്നതിനോ നേരിട്ട് ഫീസ് പിരിച്ചെടുക്കുന്നതിനോ നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

8. ലേലം/ക്വട്ടേഷൻ അവകാശം സിദ്ധിച്ചിട്ടുള്ള സ്ഥലങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങളും സൂക്ഷിപ്പും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കുന്നതാണ്.

9. ലേലം കൊള്ളുന്ന കെട്ടിടങ്ങളുടെ വാട്ടർചാർജ്ജ്, കറന്റ് ചാർജ്ജ് എന്നിവ വാടകക്കാരൻ ഒടുക്കേണ്ടതാണ്.

10. മാർക്കറ്റിൽ മൃഗങ്ങളുടെയോ, പക്ഷികളുടെയോ കശാപ്പ് അനുവദിക്കുന്നതല്ല.

11. സെക്യൂരിറ്റി തുകക്കോ നിരതദ്രവ്യത്തിനോ പലിശ ലഭിക്കുന്നതല്ല.

12. കരാർ കാലാവധി 2022 മാർച്ച് 31- ന് അവസാനിക്കുന്നതും തുടർന്നും മുറി കൈവശം ലഭിക്കുന്നതിന് നിലവിലുള്ള വാടകയുടെ 5% കൂടിയ തുകക്ക് വാടക സമ്മതിച്ച് സമ്മതപത്രം ലഭ്യമാക്കി കരാർ പുതുക്കേണ്ടതുമാണ്.

13. മുറിയുടെ കൈവശാവകാശം യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാവുന്നതല്ല. കൈമാറ്റം ചെയ്തതായി നഗരസഭക്ക് ബോദ്ധ്യം വന്നാൽ മുറി കൈവശക്കാരനിൽ നിന്നും ഒഴിവാക്കി സെക്യൂരിറ്റി തുക നഗരസഭയിലേക്ക് മുതൽക്കൂട്ടുന്നതാണ്. കരാർ കാലത്ത് കൈവശക്കാരൻ മരണമടഞ്ഞാൽ നിയമാനുസൃത അനന്തരാവകാശിയുടെ പേരിൽ കരാർ കാലാവധി അവസാനിക്കുന്നത് വരെ നഗരസഭ നിശ്ചയിക്കുന്ന കൈമാറ്റ ഫീസ് ഈടാക്കി നഗരസഭ തീരുമാനത്തിന് വിധേയമായി മുറി കൈമാറ്റം ചെയ്തു കൊടുക്കുന്നതായിരിക്കും.

14. കൈവശം വച്ചിരിക്കുന്ന മുറിയിൽ ഉപ്പ്, സ്ഫോടക വസ്തുക്കൾ മുതലായവ ശേഖരിച്ച് വയ്ക്കുകയോ വിൽപന നടത്തുകയോ ചെയ്യുവാൻ പാടില്ല. ഇത്തരം കാര്യങ്ങൾ നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടാൽ കൈവശക്കാരനിൽ നിന്നും മുറി ഒഴിവാക്കി എടുക്കുന്നതായിരിക്കും.

15. കടമുറികളിൽ വ്യാപാരം നടത്തുന്നതിന് നഗരസഭയിൽ നിന്നും നിയമാനുസൃതം ലൈസൻസ് വാങ്ങിയിരിക്കണം.

16. ലേലം വിളിച്ചെടുത്ത കടമുറിയിലേക്ക് വൈദ്യുതി, ടെലിഫോൺ, വാട്ടർ കണക്ഷൻ എന്നിവ സ്വന്തം ചെലവിൽ എടുക്കേണ്ടതും പ്രതിമാസ ബില്ലുകൾ വാടകക്കാരൻ തന്നെ ഒടുക്കേണ്ടതുമാണ്. കണക്ഷൻ എടുക്കുന്നതിനുള്ള സമ്മത പത്രം നഗരസഭ നൽകുന്നതായിരിക്കും.

17. യാതൊരു കാരണവശാലും മുറിയുടെ ഘടനയിൽ മാറ്റം വരുത്തുന്നതിനും കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും കൈവശക്കാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

18. നഗരസഭ ഏൽപിച്ചു തരുന്ന മുറികൾക്കോ മറ്റ് ആസ്തികൾക്കോ കേടുപാടുകൾ വരുത്തുകയോ നാശനഷ്ടം ഉണ്ടാക്കുകയോ ചെയ്യുവർക്കെതിരെ നഗരസഭ നിയമ നടപടികൾ സ്വീകരിച്ച് നഷ്ടം ഈടാക്കുന്നതായിരിക്കും.

19. വാടകയും 18% സേവന നികുതിയും മുൻകൂറായി അതാത് മാസം 5-ാം തീയതിക്കകം നഗരസഭയിൽ അടക്കേണ്ടതാണ്. വീഴ്ച വരുത്തുന്നവരിൽ നിന്നും 1% പലിശ ഈടാക്കുന്നതായിരിക്കും.

20. മുറിയും പരിസരവും കൈവശക്കാരൻ വൃത്തിയിലും ശുചിത്വത്തിലും സൂക്ഷിക്കേണ്ടതാണ്.

21. മുറികളുടെ കൈവശാവകാശം സംബന്ധിച്ച് സർക്കാരും നഗരസഭയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഈ പരസ്യലേലത്തിന്റെ ഭാഗമായി ഉണ്ടാക്കുന്ന കരാറുകൾക്കും ബാധകമായിരിക്കും.

22. മറ്റൊരറിയിപ്പില്ലാതെ ലേലം മാറ്റി വയ്ക്കുന്നതിനോ ഏതിന്റെയെങ്കിലും ലേലം റദ്ദു ചെയ്യുന്നതിനോ ഉള്ള അധികാരം നഗരസഭയിൽ നിക്ഷിപ്തമാണ്.

ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് നഗരസഭാ ആഫീസുമായി ബന്ധപ്പെടുക.
(ഫോൺ 0485-2242339)

സെക്രട്ടറി
പിറവം നഗരസഭ